മിസ്റ്റർ എം. ഒ. തോമക്കുട്ടി: പട്ടണപരിഷ്കാരം ചെയ്യാത്തതു് സങ്കടകരമല്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ചെയ്തുവരുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോസ്റ്റാഫീസ് റിക്കൺസ്ട്രക്ഷൻ വക്കോട്ടക്കടി നടത്താമെന്നുവെച്ചിരിക്കുന്നതു് അതു് നടക്കാതിരിക്കാൻ വേണ്ടിട്ടാണോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അടുത്തുതന്നെ ഗവൺമെണ്ടു് ഇതിനെക്കുറിച്ചു് ഒരു തീരുമാനം ചെയ്യുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ചെയ്യുന്നതാണു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഈ പട്ടണപരിഷ്കാരം ഗവൺമെണ്ടു് നേരിട്ടോ അതൊ മുനിസിപ്പാലിറ്റി മുഖേനയൊ നടത്താൻ തീരുമാനിച്ചിരിക്കുന്നതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതൊന്നും തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ: ഈ പട്ടണപരിഷ്കരണത്തെക്കുറിച്ചു് ഒരു തീരുമാനമുണ്ടാകുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഉവ്വു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതാരാണു് തീരുമാനിക്കേണ്ടതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനു് ഒരു കമ്മിറ്റിയെ വെച്ചിരുന്നു അവരുടെ റിപ്പോർട്ടു് കിട്ടി. അവസാനമായി ഗവൺമെണ്ടാണു് തീരുമാനിക്കേണ്ടതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതു് കൌൺസിലിലെ അംഗങ്ങളടങ്ങിയ ഒരു കമ്മറ്റിയാണോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: കൌൺസിലിലെ അംഗങ്ങളുമുണ്ടു്.

The Committee consists of the Director of Public Health, Advocate-General, Chief Engineer, Diwan Peishkar, Municipal Chairman of Mattancheri and Mr. A. B. Salem.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: മട്ടാഞ്ചേരിക്കമാത്രമായിട്ടു് ഒരു പട്ടണപരിഷ്കരണ കമ്മറ്റിയുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഉണ്ടു്.

TRAVELLING FACILITIES—LACK OF

265. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—
whether the Government are aware that the travelling public in towns, *viz.*, Ernakulam, Cochin and Trichur, feel great difficulty owing to the absence of more travelling facilities?

Mr. V. K. Aravindaksha Menon *(Chief Engineer)*:
The question of introducing tramway service in Ernakulam, Mattancheri and Trichur can be considered only after the roads are first made fit for such traffic. Action is being taken in this regard.

Mr. M. I. Paul *(Narakkal)*: My question is not to introduce trams in towns. Whether the Government are aware that the travelling public are put to inconvenience and suffering due to the present lack of facilities. These roads have to be improved.

Mr. Shabdai S. Koder *(Nominated)*: May I know what action you are taking, to widen the roads.

Mr. K. S. Raghavan *(Secretary to Government)*: Government are considering the scheme submitted by the Committee.

Mr. Shabdai S. Koder *(Nominated)*: Are the Government aware that huge buildings are put up near the road sides of Mattancheri with complete disregard to the rules and law in force? Will the Government be pleased to look into that?

Mr. K. S. Raghavan *(Secretary to Government)*: Yes. If there is any need.

മിസ്റ്റർ പി. ടി ജേക്കബ്: അങ്ങിനെയാണെങ്കിൽ ഇതു് നിർത്തിവെയ്ക്കാൻ ഉള്ള കല്പനയുണ്ടാകുമോ?

Mr. K. S. Raghavan *(Secretary to Government)*: If there is need for opening roads, or widening roads we will consider that.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: The Administration of roads is primarily the concern of the Municipal Council.

Mr. Shabdai S. Koder *(Nominated)*: They do not undertake the work.

Mr. President: If there is any default the appropriate course is for the Member to move the Municipality to do the work.

Mr. Shabdai S. Koder *(Nominated)*: I am complaining.

Mr. President: What is wanted is a regular complaint in a more detailed form than by question in this House.

മിസ്റ്റർ പി. കെ. ഡീവർ: ഈ പട്ടണപരിഷ്കാരം നടപ്പിൽ വരുന്നതുവരെ വലിയ റോഡുകളുടെ അരികിൽ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ അനുവദിക്കരുതെന്നു മുനിസിപ്പാലിറ്റിയോട് പറയാൻ ഗവമ്മേണ്ടിനു കഴിയുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനെക്കുറിച്ചാലോചിക്കാം.

MALAYALAM GROUP—MAHARAJA'S COLLEGE

266. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിൽ മലയാളത്തിനു V ഗ്രൂപ്പ് എന്നാണ് ഏർപ്പെടുത്തിയതു;

(ബി) ഇപ്പോൾ ആ ഗ്രൂപ്പ് ഉണ്ടോ;

(സി) (ബി)യുടെ ഉത്തരം ഇല്ലെന്നാണെങ്കിൽ—

(i) എന്നാണ് നിർത്തലാക്കിയതു;

(ii) നിർത്തലാക്കുവാൻ കാരണം എന്തു;

(ഡി) മലയാളം ഓണേഴ്സ് കോഴ്സ് സംബന്ധിച്ചു മദ്രാസ് സർവ്വകലാശാലയിൽനിന്നും ഒരു കമ്മീഷൻ ഇവിടെവന്നു അന്വേഷിക്കുകയുണ്ടായോ;

(ഈ) ഉണ്ടെങ്കിൽ എന്താണ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നതു;

(എഫ്) മലയാളം ഓണേഴ്സ് കോഴ്സ് തുടങ്ങിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്താണതിനു കാരണം?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) ഫസ്റ്റ വൃ—സ്റ്റർ.

(ബി) ഇല്ല.

(സി) (i) ഫസ്റ്റ് ര ങ്ങ— ര ന്നു.

(ii) പഠിക്കുവാൻ വിദ്യാർത്ഥികൾ ഒന്നോ രണ്ടോ ആയതുകൊണ്ടും പകരം മലയാളം ഓണേഴ്സ് തുടങ്ങാമെന്നു നിശ്ചയിച്ചതുകൊണ്ടും, (ഈ ഗ്രൂപ്പിൽ വിദ്യാർത്ഥികൾ രണ്ടിലധികം ഇതുവരെ ഒരിക്കലും ഉണ്ടായിട്ടില്ല. ഒന്നുമാത്രമായിട്ടും ചില കൊല്ലത്തിൽ ഗ്രൂപ്പ് നടത്തേണ്ടിവന്നിട്ടുണ്ട്.)

(ഡി) ഉവ്വ്.

(ഈ) കമ്മീഷൻ റിപ്പോർട്ട് പരസ്യമാക്കുവാൻ പാടില്ല.

(എഫ്) ഇല്ല.

(ജി) കോളേജിലുണ്ടായിരുന്ന ശമ്പളത്തോതുകളിൽ ക്രമീകരിച്ച ഗ്രേഡുകളിൽ മലയാളത്തിൽ ലക്ചർമാരെ നിയമിക്കേണമെന്നുള്ള സർവ്വകലാശാലയുടെ നിർദ്ദേശത്തെ സ്വീകരിക്കേണ്ടതാവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നാതിരുന്നതുകൊണ്ടു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഏതു് ഗ്രേഡിൽ ഉള്ളതാണ് ഈ നിയമനം?

റാവുസാഹിബ് ഐ. എൻ. മേനോൻ: പുതിയതായിട്ടു് ഈ സർവ്വകലാശാലാനിയമമൊന്നു വിപുലീകരിച്ചിട്ടുണ്ടു്. അതനുസരിച്ചു് പുതിയതായി ഒരു ക്ലാസ്സ് തുടങ്ങണമെങ്കിൽ അതിൽ വെക്കാൻപോകുന്ന ശമ്പളം അവർ നിശ്ചയിക്കും. അതിനു ഗവമ്മെണ്ട് തയ്യാറുണ്ടായിരുന്നില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: അപ്പോൾ ഓണേഴ്സ് കോഴ്സും ഇവിടെ തുടങ്ങാൻ തയ്യാറില്ലെന്നാണോ പറയുന്നതു.

LIBRARY ARCHIVES Kerala Legislative Assembly